## വിവാഹം



**ശ്രീ.** മുത്തൂറ്റ് റോയി എം. മാത്യൂവിന്റെയും ശ്രീമതി നിസ്സി മാത്യുവിന്റെയും മകൻ **മാത്യു മുത്തൂറ്റും (റോണി),** അടൂർ മണ്ണിൽ വീട്ടിൽ ശ്രീ. ഫിലിപ്പ് മാത്യുവിന്റെയും അനില മാത്യുവിന്റെയും മകൾ **അർലിനും** തമ്മിലുള്ള വിവാഹം പ. കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ കോഴഞ്ചേരി സെന്റ് മാത്യൂസ് ഓർത്തഡോക്സ് വലിയ പള്ളിയിൽ 2018 നവംബർ 25 ന് നടന്നു.

**മ**രട് പ്ലാമൂട്ടിൽ ശ്രീ. ജേക്കബ് കോശിയുടേയും ശ്രീമതി റീന ഏബ്രഹാമിന്റേയും മകൻ **നീരജ് എം. കോശിയും** എളമക്കര നെൽപ്പുരപ്പറമ്പിൽ മിലൻസ് ശ്രീ. ബെർണാർഡ് ജോർജ് എബ്രാവോയുടെയും ശ്രീമതി മരിയ ജോർജ് എബ്രാവോയുടെയും മകൾ **മേരി മിലൻ എബ്രാവോയും** തമ്മിലുള്ള വിവാഹം 2018 ഡിസംബർ മാസം 29-ാം തീയതി എറണാകുളം സെൻറ് മേരീസ് കത്തീഡ്രലിൽ വെച്ചു നടന്നു.

*വധുവരന്മാർക്ക് മംഗളാശംസകൾ*

*(എഡിറ്റോറിയൽ തുടർച്ച)*

ക്കാത്തതല്ലേ ഇന്നത്തെ അതിക്രമങ്ങൾക്കൊക്കെ കാരണം? ഒരിക്കൽ ഒരു ഗുരു തന്റെ ശിഷ്യന്മാരോട് പ്രഭാതമായി എന്ന് എങ്ങിനെ തിരിച്ചറിയാം എന്ന് ചോദിച്ചു. ഒരു ശിഷ്യന്റെ ഉത്തരം ഒലിവു വൃക്ഷവും അത്തി വൃക്ഷവും തമ്മിൽ തിരിച്ചറിയാൻ തക്ക പ്രകാശം വരുമ്പോൾ പ്രഭാതമായി എന്നറിയാമെന്നായിരുന്നു. ഗുരുവിന് ആ ഉത്തരത്തിൽ തൃപ്തി തോന്നിയില്ല. പല ശിഷ്യന്മാരും പല ഉത്തരങ്ങൾ ആലോചിച്ചു പറഞ്ഞുകൊണ്ടിരുന്നു. എന്നാൽ അതിലൊന്നും തൃപ്തിയില്ലാതെ ഗുരു തന്നെ ഒരു ഉത്തരം പറഞ്ഞു. അതിങ്ങനെയായിരുന്നു. 'എതിരെ വരുന്നയാൾ നിന്റെ സഹോദരനോ, സഹോദരിയോ ആണെന്ന് തിരിച്ചറിയുമ്പോൾ പ്രഭാതം വന്നു എന്ന് മനസ്സിലാക്കാം.' ഈ തിരിച്ചറിവ് ഇല്ലാത്തതല്ലേ ഇന്നത്തെ സ്ഥിതിക്ക് കാരണമെന്ന് തോന്നിപ്പോകുന്നു.

ഈ അവസ്ഥ മാറണമെങ്കിൽ ഓരോരുത്തരുടെയും വീട്ടിൽ നിന്നാണ് തുടങ്ങേണ്ടത്. സമൂഹത്തിനെയും, മാധ്യമങ്ങളെയും ഒന്നും പഴി പറഞ്ഞിട്ട് ഒരു കാര്യവുമില്ല. നാം ഓരോരുത്തരുമാണ് നന്നാകേണ്ടത്. ആദ്യം സ്വന്തം വീട്ടിലുള്ളവരെ അച്ഛനോ, അമ്മയോ, സഹോദരനോ, സഹോദരിയോ ആയി കാണുവാൻ ശ്രമിക്കുക അതിൽ വിജയിച്ചാൽ സമീപസ്ഥരെയും സ്നേഹിക്കുവാനും, കരുതുവാനും എല്ലാവർക്കും സാധിക്കും. അത് സാധിക്കുന്ന ഒരു പുതുയുഗത്തിനായി നമുക്ക് പ്രാർത്ഥിച്ചുകൊണ്ട് കാത്തിരിക്കാം. സഹോദരങ്ങളുടെ രക്ഷക്കായി ദൈവം ജോസേഫിനെ ഒരുക്കിയതുപോലെ കുടില മനസ്കരെ നേരെയാക്കാനായിരിക്കും ഇപ്പോൾ സമൂഹത്തിൽ തിന്മയുടെ കലാശക്കൊട്ട് ദൈവം നടത്തിക്കൊണ്ടിരിക്കുന്നത്. ■

## പ്രതിമാസ ധ്യാനം

**പ്രതിമാസ ധ്യാനം ജനുവരി 11-ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മണി മുതൽ കത്തീഡ്രലിൽ വെച്ചു നടത്തപ്പെടും.**

## പ്രാർത്ഥനാ യോഗങ്ങൾ

**St. George Unit (Kaloor Area) 06-01-2019 - 4 pm**
**ശ്രീ. ഫിലിപ് പോൾ**
ചാലക്കുഴി, ഹൗസ് No. 60
ഉദയനഗർ, കത്ത്യക്കടവ്
കലൂർ.
Ph : 9633301252

**St. Dionysius Unit (Vyttila-Maradu Area) 20-01-2019 - 4 pm**
**ശ്രീ. ഡി. ഏബ്രഹാം (ഐസക് ഏബ്രഹാം)**
ഐസക് നിവാസ്
കാട്ടിത്തറ റോഡ്, മരട് പി. ഒ.
പയനിയർ ജംഗ്ഷൻ
Ph : 9947402405

**St. Gregorios Unit (Elamkulam-Kadavanthra Area) 27-01-2019 -4 pm**
**ശ്രീമതി. രമണി ഐസക്**
വട്ടമല ഹൗസ് 28/1408
കെ. പി. വള്ളോൻ റോഡ്
കടവന്ത്ര
Ph : 9349274499




Editorial Board : Fr. Jiju Varghese (Vicar), K.K. George (94470 40484), Paulose Jacob, V. N. Philipose, Mammen Abraham & Suma Mathew.
Website: www.stmarysorthodoxcathedralekm.org. Email: georgekaithayil@yahoo.com For Private Circulation only
Edited & Published by: K.K. George for St. Mary's Orthodox Cathedral, Ernakulam. Phone: 0484 2352490
Design & Lay-out: dittografix, Printed at Geo Printshop, Ernakulam





# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 13 ISSUE : 01 January 2019

ഏവർക്കും നവവത്സരാശംസകൾ

## എഡിറ്റോറിയൽ

### കുടുംബവും സാഹോദര്യവും

**ഒ**രു സമൂഹത്തിന്റെ സുസ്ഥിരത അതിലുൾപ്പെട്ട കുടുംബങ്ങളുടെ സഹപ്രവർത്തനത്തിന്റെയും ഉത്തരവാദിത്വത്തിന്റേയും ആകെത്തുകയായിരിക്കും. പലപ്പോഴും സമൂഹത്തിന്റെ മൂല്യച്യുതികളെ കുറ്റപ്പെടുത്തുന്നവർ ആ സമൂഹത്തിലുൾപ്പെട്ട ഭവനങ്ങളിലേക്കു ശ്രദ്ധ തിരിക്കാറില്ല. അച്ഛനുമമ്മയും, സഹോദരീസഹോദരങ്ങളും ഒരു ചേർച്ചയുമില്ലാതെ, അന്യോന്യം സ്നേഹമോ, സഹകരണമോ ഇല്ലാതെ, ഒരു കൂരക്ക് കീഴിൽ അവരവർക്ക് ഇഷ്ടമുള്ളത് പ്രവർത്തിച്ചു ജീവിക്കുന്ന കുറച്ചാളുകളുടെ ഒരു കൂട്ടായ്മായായിരിക്കും അങ്ങനെയുള്ള ഒരു സമൂഹത്തിലെ അംഗങ്ങൾ, പീഡനകഥകൾ ദിവസേനയെന്നോണം പെരുകുന്ന നമ്മുടെ സമൂഹത്തിൽ കുടുംബബന്ധങ്ങൾ ശിഥിലമാകുന്നത് ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. നാം ദിവസേന കേൾക്കുന്ന ഈ വിധ അധമ പ്രവർത്തങ്ങളിലേർപ്പെട്ടവരുടെ കുടുംബബന്ധങ്ങൾ പരിശോധിച്ചാൽ നമുക്ക് പലപ്പോഴും ഈവിധ പ്രവർത്തികളിലേക്ക് അവരെ നയിക്കുന്ന കാരണങ്ങൾ കണ്ടെത്താൻ കഴിയും. അവർക്ക് അമ്മയോടോ, സഹോദരിമാരോടെ യാതൊരുവിധ കുടുംബബന്ധങ്ങളോ, സ്നേഹമോ കാണുകയില്ലെന്നു കാണാം. 'അമ്മ പെങ്ങന്മാരെ വെറും സ്ത്രീകളായി മാത്രം കാണുന്നവരായിരിക്കും അങ്ങിനെയുള്ള അധമ പ്രവർത്തനങ്ങൾക്ക് മുൻപിൽ. ബൈബിൾ പറയുന്നത്, 'അന്യോന്യം പോരിനു വിളിച്ചും, അന്യോന്യം അസൂയപ്പെട്ടും' (ഗലാ 5:26) ഒരു കുടുംബത്തിനും സമൂഹത്തിനും മുൻപോട്ടുപോകാൻ കഴിയുകയില്ലെന്നാണ്.

ദൈവവിളിയുടെ സദുദ്ദേശം മനസ്സിലാക്കാതെ ഭൗതീക നേട്ടങ്ങൾക്കായി സഹോദരബന്ധം വികലമാക്കുന്ന ഒരു കുടുംബമാണല്ലോ യാക്കോബിന്റേത്. യാക്കോബ് തന്റെ മക്കളിൽ ജോസഫിനെ ഏറ്റവും സ്നേഹിച്ചിരുന്നു. നല്ലവനായിരുന്ന ജോസഫ് തന്റെ സഹോദരങ്ങളുടെ അപഥ സഞ്ചാരം അപ്പനെ അറിയിക്കുന്നു. സഹോദരങ്ങൾക്ക് അപ്രീതി ഉണ്ടാക്കിയ കാരണം ഇതായിരുന്നു. ഇതുമൂലം സഹോദരങ്ങൾ അവനെ പൊട്ടകിണറ്റിലിട്ടു കൊല്ലുവാൻവരെ ആലോചിച്ചു(ഉല്പ:37 :22). സഹോദരങ്ങളായിരുന്ന കയീന്റെയും, ആബേലിന്റെയും സ്വഭാവത്തിന്റെ തുടർച്ചയാണിവിടെ നാം കാണുന്നത്. ഒടുക്കം ജോസേഫിനെ വിറ്റ മിസ്രയേമിൽ തന്നെ സഹോദരങ്ങൾ തങ്ങളുടെ സഹായത്തിന് ചെല്ലേണ്ടിവരുകയും, ജോസേഫ് അവരെ സഹായിക്കുകയും ചെയ്തത് നമുക്കറിയാമല്ലോ.

'സഹോദരന്മാർ ഒത്തൊരുമിച്ചു വസിക്കുന്നത് (സങ്കീ 133:1) എത്ര ശുഭവും എത്ര മനോഹരവുമാകുന്നു'.

സഹോദരനെയോ, സഹോദരിയെയോ തിരിച്ചറിയാൻ സാധി

*(ശേഷം 4-ാം പേജിൽ)*

## ഇടയ ലേഖനം

### ഒരു പുതുവർഷം പിറക്കുന്നു

ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത



**പ്ര**തീക്ഷകളും സ്വപ്നങ്ങളുമാണ് ജീവിക്കുവാൻ മനുഷ്യർക്ക് പ്രേരണ നൽകുന്നത്. സർവ്വസംഗപരിത്യാഗികൾ അവരുടെ സമസ്ത പ്രതീക്ഷകളും ഈശ്വരനിൽ അർപ്പിച്ചിരിക്കുന്നു. 'ഭാവി' എന്നത് അജ്ഞാതമായതിനാൽ, അത് തികച്ചും ഉദ്വേഗമുളവാക്കുന്നതുമാണ്. എങ്കിലും 'പുതുവത്സരദിനം' ഒരു വലിയ പ്രചോദനം തന്നെയാണ്.

വാസ്തവത്തിൽ കാലവും സമയവും ഒരു പ്രവാഹമാണ്. അതിൽ വിരാമങ്ങളും അർദ്ധ വിരാമങ്ങളുമില്ല. അതിലെ സ്മാരകങ്ങൾ മനുഷ്യൻ നിർമ്മിക്കുകയോ, കണ്ടെത്തുകയോ ആകാം. ഏറ്റം നിർണ്ണായകമായത് ചരിത്രത്തിൽ ദൈവത്തിന്റെ ഇടപെടലുകളാണ്. അത് വ്യക്തി ജീവിതത്തിലെ ഇടപെടലുമാകാം. അത്തരം ഇടപെടലുകൾ ചരിത്രത്തിൽ പുതിയ അദ്ധ്യായം രചിക്കുകയോ, ചരിത്രത്തെ തന്നെ മാറ്റിമറിക്കുകയോ ചെയ്യും. ഈ ഗണത്തിലുള്ള നിർണ്ണായക ഇടപെടലാണ് ദൈവപുത്രന്റെ തിരുവവതാരം. അതിന്റെ അഭൗമ പ്രകാശത്തിലാണ്, പുതുവത്സരപ്പുലരി.

എല്ലാം നവമാക്കുന്നത് ദൈവമാന്നെന്നു ബൈബിൾ പറഞ്ഞുതരുന്നു. 'പുനർനവം' മനുഷ്യഹൃദയം എന്നും തേടുന്നതാണ്. ജീവിത സമരത്തിൽ മുറിവേൽക്കുന്നവരും ആഗ്രഹിക്കുന്നത്, എല്ലാം മറന്ന്, പുതുതായി ആരംഭിക്കാം എന്നാണ്. അത്തരം പ്രതീക്ഷ, ജീവിതയാത്രക്ക് ഇന്ധനമായി മാറുന്നു.

'സകലവും പുതുതാക്കുന്ന' ദൈവത്തിന്റെ തിരുമുഖത്തു നോക്കി പ്രത്യാശയോടെ, ജീവിതത്തിന് പുതിയ ഉന്മേഷം നൽകുന്ന ദിനമാണ് നവവത്സരദിനം. അതിന്റെ അർത്ഥവും, സാംഗത്യവും ദിവസം എന്നതിന്റെതല്ല; മറിച്ച് അതിനു നൽകുന്ന അർത്ഥവും പ്രാധാന്യവുമാണ്. പഴയതിനോടു വിട പറയാതെ, പുതിയത് ആരംഭിക്കാനാവില്ല എന്നത് കടുത്ത പരമാർത്ഥമാണ്. പഴയതും, പുതിയതുമായ സംയുക്ത ജീവിതത്തിനു ഇതിനാൽ പരാജയമായിരിക്കും; അത് എങ്ങും എത്തുകയില്ല. സമൂലം പുതുമ നേടുന്നവരാണ് ജേതാക്കൾ: ചിന്താരീതി, പെരുമാറ്റം, പ്രാർത്ഥനാശീലം ആദിയായവയിലെല്ലാം എത്തി നിൽക്കേണ്ടതാണ് പുതുമയുടെ വെളിച്ചം. ഈ സന്ദേശം സനാതനമാണ്. ഇത്തരം മനുഷ്യരെക്കൊണ്ടാണ് 'നവലോകം' കെട്ടിപ്പടുക്കേണ്ടത്. പുതുമ ഭൗതീകമല്ല; മനസ്സിന്റെ പുനസൃഷ്ടിയാണ്.

ഈ നവമാനസം പങ്കുവെയ്ക്കപ്പെടേണ്ടതുമാണ്

പുതുവത്സരം നമുക്ക് പുത്തൻ സുവിശേഷമാകട്ടെ! ■

## വികാരിയുടെ കത്ത്

# ജീവിതയാത്രയിലെ പുതിയ വർഷം

ഫാ. ബിജു എബി മാത്യൂസ്



മനുഷ്യജീവിതത്തെ ഒരു ദീർഘ യാത്രയായിട്ടാണ് മഹാന്മാർ ഉപമിച്ചിരിക്കുന്നത്. ഈ ജീവിത യാത്രയുടെ പരക്കംപാച്ചിലിൽ ധാരാളം മനോഹരദൃശ്യങ്ങളും അതുപോലെ തന്നെ സങ്കടദൃശ്യങ്ങളും കണ്ടു കൊണ്ടാണ് നാം യാത്ര തുടരുന്നത്. മറക്കേണ്ടത് മറന്നും പൊറുക്കേണ്ടത് പൊറുത്തും ആയിരിക്കണം നമ്മുടെ യാത്ര. എങ്കിൽ മാത്രമേ നാം ആഗ്രഹിക്കുന്ന സന്തോഷവും സമാധാനവും ലഭിക്കുകയുള്ളു.

മറ്റുള്ളവർ വഴി നമ്മുടെ ജീവിതത്തിൽ ദുഃഖങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടാകുക സ്വാഭാവികം. അത് മനസ്സിലാക്കി മറ്റുള്ളവരിൽ നിന്നും ഉണ്ടായിട്ടുള്ള ദുഃഖങ്ങൾ നമുക്ക് ബോധപൂർവ്വം മറക്കാം, അവരോടു പൊറുക്കാം. അപ്പോൾ ശാന്തമനസ്സോടെ ജീവിത യാത്രയിലെ പുതിയ വർഷത്തിലേക്ക് കടക്കാം.

വിട്ടുവീഴ്ച, ആതിഥ്യമര്യാദ തുടങ്ങിയ മഹത്തായ ഗുണങ്ങൾ ആർജ്ജിക്കാനും, നാം മൂലം ആർക്കും വേദനയും ബുദ്ധിമുട്ടും ഉണ്ടാകയില്ലെന്ന് ഉറപ്പുവരുത്തി പ്രവർത്തിക്കാനും പരിശ്രമിക്കാം. നല്ല ചിന്തകൾ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ ശ്രമിക്കേണ്ടതുണ്ട്. മനസ്സിൽ നെഗറ്റീവ് ചിന്തകൾ കടക്കാൻ അനുവദിക്കാതെ ജീവിതത്തെ എപ്പോഴും പോസിറ്റീവ് ആയി കാണാൻ ശ്രമിക്കുകയും ശുഭാപ്തി വിശ്വാസം വളർത്താൻ പരിശ്രമിക്കുകയും ചെയ്യണം.

ദൈവത്തിന് നമ്മെക്കുറിച്ച് എന്നും ചില സ്വപ്നങ്ങളും പ്രതീക്ഷകളും ഉണ്ട്. അവിടുത്തേക്ക് നമ്മെക്കുറിച്ചുള്ള പദ്ധതികൾ തീർന്നാൽ പിന്നെ നമ്മളാരും ഈ ഭൂമുഖത്ത് കാണുകയില്ല. നാം ദരിദ്രനോ സമ്പന്നനോ ആകട്ടെ, കർത്താവിന് നമ്മെക്കുറിച്ചു പ്രത്യാശയുണ്ട്. നാം പരിശുദ്ധനോ പാപിയോ ആയിക്കൊള്ളട്ടെ, ഫലം തരാത്ത ഞാനാകുന്ന അത്തിവൃക്ഷത്തിന്റെ ചുവട്ടിൽ വളമിട്ട് വെള്ളമൊഴിച്ചു വീണ്ടും ഒന്നുകൂടി ഫലം തരുമോ (ലൂക്ക 13 :8 ,9 ) എന്നു നോക്കാനായിരിക്കാം.

നമ്മുടെ ജീവിതത്തിന്റെ ഓരോ നിമിഷവും ദൈവത്തിന്റെ കരുണയുടെ അടയാളമാണ്. ഒരു കൃഷിക്കാരൻ ചുവടുകിളച്ചു വളമിട്ടു ഫലത്തിനായി കാത്തിരിക്കുന്നതുപോലെ സൃഷ്ടാവായ ദൈവം കാത്തിരിക്കുന്നു, നമ്മിൽ നിന്നും ഫലങ്ങളുണ്ടാകാൻ. സ്നേഹം, സന്തോഷം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം എന്നീ ആത്മാവിന്റെ ഫലങ്ങൾ കൊണ്ട് ആയിരിക്കണം നാം നിറയേണ്ടത്. നന്മയായതു മാത്രം ചെയ്യാനുള്ള അനുഗ്രഹ സമൃദ്ധമായ സമയമായി ജീവിത യാത്രയിലെ പുതിയ വർഷത്തെ നമുക്ക് കാണാം.

നിന്റെ ലക്ഷ്യം എപ്പോഴും ഓർമ്മിക്കുക. നഷ്ടപ്പെട്ട സമയം പിന്നീട് കിട്ടുകയില്ല. തീഷ്ണമായി ജീവിച്ചാൽ വലിയ സമാധാനം ഉണ്ടാകും. ദൈവകൃപയും സുകൃത സ്നേഹവും ക്ലേശങ്ങൾ ലഘൂകരിക്കും.

നല്ല മാതൃകകൾ പിൻതുടരുക. അവയെ അനുകരിക്കുക. മോശമായതു ചെയ്യാതിരിക്കുക. ചെയ്തുപോയിട്ടുണ്ടെങ്കിൽ വേഗം തിരുത്താൻ ശ്രമിക്കുക. പുതിയ വർഷത്തിലേക്കു കടക്കുമ്പോൾ ക്ഷമയും സഹനശക്തിയും വർദ്ധിപ്പിക്കുവാൻ നമുക്ക് കഴിയട്ടെ. കൂടുതൽ വിനയമുള്ളവരാകാം. സ്വാർത്ഥതയുടെ കുരുക്കുകൾ ഉണ്ടാകാതിരിക്കട്ടെ. ഉദാരതയും ദീനാനുകമ്പയും നമ്മിൽ നിറയട്ടെ. കർമ്മ ശുദ്ധിയും മഹാമനസ്കതയും നമ്മുടെ സംസ്കാരത്തെ നയിക്കട്ടെ.

“യഹോവയിൽ ആശ്രയിച്ചു നന്മ ചെയ്യുക,
നിന്റെ വഴി യഹോവയെ ഭരമേല്പിക്കുക
അവനിൽത്തന്നെ ആശ്രയിക്ക
അവൻ അത് നിർവ്വഹിക്കും. (സങ്കീ 37:3,5). ■

## ഇടവക പെരുന്നാളും ഇടവക ദിനവും

ഇടവക പെരുന്നാൾ ജനുവരി 11, 12, 13 തീയതികളിൽ കൊണ്ടാടപ്പെടുന്നു. 13–ാം തീയതി ഞായാറാഴ്ച രാവിലെ 7ന് വി. കുർബ്ബാനയും, തുടർന്ന് റാസയും, ആശീർവ്വാദവും വൈകുന്നേരം ഇടവകദിനവും ആദ്ധ്യാത്മീക സംഘടനകളുടെ വാർഷികവും നടത്തപ്പെടുന്നതാണ്. ഇടുക്കി ഭദ്രാസനാധിപൻ അഭിവന്ദ്യ മാത്യൂസ് മാർ തേവോദോസിയസ് തിരുമേനി പെരുന്നാൾ ചടങ്ങുകൾക്ക് മുഖ്യകാർമ്മികത്വം വഹിക്കുന്നതാണ്. ഇടവക ദിനാഘോഷങ്ങളിൽ അഭിവന്ദ്യ തിരുമേനി മുഖ്യാതിഥി യായിരിക്കും.

## പെരുന്നാൾ ഷെയർ കൂപ്പൺ

പെരുന്നാൾ ഷെയർ കുപ്പണുകൾ എടുത്ത് എല്ലാവരും പെരുന്നാളിൽ തങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്തേണ്ടതാണ്. കൂപ്പണുകൾ എടുക്കുന്നവരുടെ പേരുകൾ വി. കുർബ്ബാന മദ്ധ്യേ ഓർത്തു പ്രാർത്ഥിക്കുന്നതാണ്. ഒരു ഷെയർ 500 രൂപയാണ് വില.

**ഇംഗ്ലീഷ് വി. കുർബ്ബാന**

**2019 ജനുവരി 13-ാം തീയതി ഞായറാഴ്ച ഒഴികെ എല്ലാ ഞായറാഴ്ചയും സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വി. കുർബ്ബാന ഇംഗ്ലീഷിൽ, വൈകുന്നേരം 5.30 ന്**

## നിര്യാതരായി



വെല്ലിംഗ്ടൺ ഐലൻഡ് മിൽനേ റോഡ് N-VI/3 യിൽ സാജൻ കെ. വർഗ്ഗീസിന്റെ ഭാര്യ **മിനു വർഗീസ്** 2018 ഡിസംബർ 3–ാം തീയതി കർത്താവിൽ നിദ്ര പ്രാപിച്ചു. സംസ്ക്കാരം ഡിസംബർ 4–ാം തീയതി കോട്ടയം മാർ ഏലിയാ കത്തീഡ്രൽ വക സെമിത്തേരിയിൽ നടത്തപ്പെട്ടു.



തമ്മനം മാമ്മൂട്ടിൽ കിഴക്കേതിൽ **എം. ജി. വർക്കി** 2018 ഡിസംബർ 7–ാം തീയതി കർത്താവിൽ നിദ്ര പ്രാപിച്ചു. സംസ്ക്കാരം ഡിസംബർ 8–ാം തീയതി ചിറ്റൂർ റോഡ് സെമി ത്തേരിയിൽ നടത്തപ്പെട്ടു.



ഇടപ്പള്ളി പാലവിള വീട്ടിൽ **ലില്ലി കോശി** 2018 ഡിസംബർ 8–ാം തീയതി കർത്താവിൽ നിദ്ര പ്രാപിച്ചു. സംസ്ക്കാരം ഡിസംബർ 9–ാം തീയതി എളംകുളം സെമിത്തേരിയിൽ നടത്തപ്പെട്ടു.

രവിപുരം Grandios 4A യിൽ **പി. എം. ഏബ്രഹാം** അമേരിക്കയിൽ വെച്ച് കർത്താവിൽ നിദ്ര പ്രാപിച്ചു. സംസ്ക്കാരം ഡിസംബർ 29 ന് തീയതി അവിടെ നടത്തപ്പെട്ടു .

*ആദരാഞ്ജലികൾ*





## കത്തീഡ്രൽ ക്രിസ്തുമസ്സ് ആഘോഷം

ക്രിസ്തുമസ്സ് സന്ദേശം നൽകിയത് കാലടി യൂണിവേഴ്സിററി വൈസ് ചാൻസലർ ആയിരുന്ന ഡോ. കെ. എസ്. രാധാകൃഷ്ണൻ അവർകളാണ്.









## മർത്ത മറിയം വനിതാ സമാജം



സെന്റ് മേരിസിലെ മർത്ത മറിയം വനിതാ സമാജം അംഗങ്ങൾ കത്തീഡ്രൽ മാനേജിങ് കമ്മിറ്റി അംഗം ശ്രീ. ഈശോ മർക്കോസ് ചെയർമാനായ മിത്രം ചാരിറ്റബിൾ സൊസൈറ്റി വക സ്പെഷ്യൽ സ്കൂളും, പുനരധിവാസ കേന്ദ്രവും സന്ദർശിച്ചപ്പോൾ. ഇരിക്കുന്നത് വികാരി ജിജു അച്ചനും ശ്രീ. ഈശോ മർക്കോസും.

## OCYM



കത്തീഡ്രൽ OCYM ന്റെ ആഭിമുഖ്യത്തിൽ 2018 നവംബർ 1–ാം തീയതി പരുമല പെരുന്നാളിനോടനുബന്ധിച്ച് പരുമലയിലേക്ക് നടത്തിയ പദയാത്ര, തിരുവല്ല പാലിയേക്കര പള്ളിയുടെ മുൻപിലെത്തിയപ്പോൾ.

## മാമോദീസ

ഇടപ്പള്ളി സൗത്ത് മഠത്തിമ്യാലിൽ ശ്രീ. ഐസക് തോമസിന്റെയും ശ്രീമതി. നികിതാ സാറാ ഐസക്കിന്റെയും മകൻ **തോമസ് ഐസക്** 2018 ഡിസംബർ 26 ന് മാമോദീസ സ്വീകരിച്ചു.

ഏരൂർ പൊറ്റാസ് ഹൗസിൽ ഡോക്ടർ ബെൻ വർക്കി ബെഞ്ചമിന്റെയും ഡോക്ടർ ഷാരോൺ ബെൻ വർക്കിയുടെയും മകൾ **മറിയം (Aanya Mariam Varkey Pottayil)** 2018 ഡിസംബർ 31 ന് മാമോദീസ സ്വീകരിച്ചു.

*ഈ പൈതങ്ങൾക്ക് ദൈവകൃപ ആശംസിക്കുന്നു*

## വി. കുർബ്ബാന സമയം

| | |
|---|---|
| എളംകുളം ചാപ്പൽ: | Jan 13 - 06.30 am, Jan 20 - 10.00 am |
| | Jan 27 - 07.00 am, Feb 03 - 10.00 am. |
| സെമിത്തേരിമുക്ക് ചാപ്പൽ: | Jan 20 - 07.30 am, Feb 03 - 07.30 am. |
| | എല്ലാ ശനിയാഴ്ചയും വി. കുർബ്ബാന 6.45 am |

## വിശേഷ ദിവസങ്ങൾ

**ജനുവരി**

| | | |
|---|---|---|
| 7 | തിങ്കൾ | മാർ യോഹന്നാൻ മാം ദാനയുടെ പുകഴ്ചയുടെ പെരുന്നാൾ |
| 8 | ചൊവ്വ | സ്തേഫാനോസ് സഹദായുടെ ഓർമ്മ |
| 13 | ഞായർ | ഇടവക പെരുന്നാൾ കുർബ്ബാന 7.00 (ഒരു വി. കുർബ്ബാന മാത്രം) |
| 15 | ചൊവ്വ | വിത്തുകൾക്കുവേണ്ടിയുള്ള വി. ദൈവ മാതാവിന്റെ പെരുന്നാൾ |
| 26 | ശനി | പരിശുദ്ധ ബസേലിയോസ് മാർത്തോമാ മാത്യൂസ് ദ്വീതിയൻ കാതോലിക്ക ബാവായുടെ 13–ാം ഓർമ്മ (ശാസ്താം കോട്ട മൗണ്ട് ഹൊറേബ് ആശ്രമം) |

**ഫെബ്രുവരി**

| | | |
|---|---|---|
| 2 | ശനി | മായൽത്തോ പെരുന്നാൾ (കർത്താവിന്റെ ദേവാലയ പ്രവേശനം. മൂക്കഞ്ചേരിൽ പത്രോസ് മാർ ഒസ്ത്താത്തിയോസ് മെത്രാപ്പോലീത്തായുടെ 51–ാം ഓർമ്മ (കണ്ടനാട് കാർമ്മേൽ ദയറാ) |